# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.478 18/11/2019-ൽ മറുപടിക്ക്

**ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.യു. ജനീഷ് കുമാർ<br>ശ്രീ.എം. സ്വരാജ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പി.കെ. ശശി** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനം ആരോഗ്യമേഖലയിൽ വളരെയേറെ നേട്ടങ്ങൾ കൈവരിച്ചുവെങ്കിലും ജീവിതശൈലീ രോഗങ്ങൾ പ്രധാന ആരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവയെ പ്രതിരോധിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | എ) | ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്ര ങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ ജന റൽ ആശുപത്രികളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങ ളിലും ജീവിതശൈലീരോഗനിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലീ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തി വരികയും ചെയ്യുന്നു. ഇതിനു പുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെ കുറിച്ച് ആരോഗ്യ ബോധവത്ക്കരണവും നൽകി വരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കു ന്നതിനും ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, |

| | | | |
|---|---|---|---|
| | | | പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുത്രികളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹദ് സർവ്വെയും ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| ബി) | സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗം, പക്ഷാഘാതം, ഹൈപ്പർ ടെൻഷൻ, പ്രമേഹം, കിഡ്നി രോഗങ്ങൾ മുതലായവയ്ക്ക് നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും രക്താതിമർദ്ദവും പ്രമേഹവും നിർണയിക്കുന്നതി നും നിയന്ത്രിക്കുന്നതിനും അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഈ രോഗങ്ങളുടെ മൂർദ്ധന്യ വ്യവസ്ഥയിൽ ഉണ്ടാകാവുന്ന മസ്തിഷ്കാഘാതവും വൃക്കരോഗങ്ങളും ഹൃദ്രോഗങ്ങളും ചികി ത്സിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിൽ പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | സി) | പക്ഷാഘാതിന്റെ ലക്ഷണം കണ്ട് തുടങ്ങി എത്രയും പെട്ടെന്ന് ജനങ്ങൾക്ക് എത്താൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ ചികി ത്സാ സൗകര്യം ലഭ്യമാക്കുക എന്നത് അത്യാന്താപേക്ഷിതമാണ്. സ്വകാര്യ മേഖലയിലെ ഉയർന്ന ചികി ത്സാചെലവും ചികി ത്സക്ക് ഉപയോഗി ക്കുന്ന TPA (Tissue Plasminogen Activator) എന്ന മരുന്നിന്റെ ഉയർന്ന വിലയും, നിലവിൽ സർക്കാർ മേഖ ലയിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യവും സാധാ രണ ജനങ്ങൾക്ക് ചികിത്സ അപ്രാപ്യമാക്കുന്നതിന് വഴിയൊരുക്കുകയും തൻമൂലം മരണമോ, പൂർണമോ ഭാഗികമോ ആയ തളർച്ച സംഭവിക്കുന്നതിനും കാരണ മാവുകയും ചെയ്യുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച SIRAS (Stroke Identification Rehabilitation Awareness Stabilisation) പദ്ധതിയി ലൂടെ എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രി യിൽ പക്ഷാഘാതിനുള്ള ചികിത്സ ആരംഭിക്കുന്നതിനും സൗജന്യ നിരക്കിൽ എല്ലാ രോഗികൾക്കും ചികിത്സ നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇപ്പോൾ പ്രവർത്തന സജ്ജമായ 8 ജില്ലാ കേന്ദ്രങ്ങളിൽ ഇതിനോടകം 105 പേർക്ക് ത്രോംബോലൈസിസ് ചികിത്സ നല്കാനായി എന്നുള്ളത് പദ്ധതിയുടെ നേട്ടമായി കണക്കാക്കാവുന്ന താണ്. |

| | | | |
|---|---|---|---|
| ഡി) | ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനാവശ്യമായ പ്രതിരോധ നടപടികൾ സംബന്ധിച്ചും ചിട്ടയായ വ്യായാമ മുറകൾ, ചികിത്സ തുടങ്ങിയവ സംബന്ധിച്ചും പൊതുജനങ്ങൾക്കാവശ്യമായ അവബോധം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ഡി) | ആരോഗ്യപരമായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളെ കുറിച്ചുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിത ശൈലീ രോഗങ്ങളെ കുറിച്ചുള്ള ബോധവത്കരണം എല്ലാ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും നടത്തി വരുന്നത്. ഇതിനായുള്ള പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും ഫീൽഡ്തല ജീവനക്കാർക്കും നൽകിയിട്ടുള്ളതാണ്. രോഗികൾക്ക് നേരിട്ടും കൂട്ടമായും വിവിധ ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക അവബോധവും ചുമതലപ്പെട്ട ജീവനക്കാരിലൂടെ ആരോഗ്യകേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ചില കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള ടെലിവിഷൻ സംവിധാനങ്ങളും, പബ്ലിക് അഡ്രസ് സിസ്റ്റം, പോസ്റ്ററുകൾ തുടങ്ങിയവ വഴി ജീവിതശൈലീ രോഗനിയന്ത്രണത്തിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ